## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*97.

13.6.2013-ൽ
മറുപടിയ്ക്ക്

## സ്വയംഭരണാവകാശം നൽകുന്നതിനുള്ള മാനദണ്ഡം

ചോദ്യം
ശ്രീ. സി. പി.മുഹമ്മദ്:
ശ്രീ. പി.സി.വിഷ്ണുനാഥ് :
ശ്രീ.സണ്ണി ജോസഫ് :
ശ്രീ.പാലോട് രവി :

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ;

(എ) ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള തിരഞ്ഞെടുത്ത ആർട്സ് &സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;വിശദാംശങ്ങൾ നൽകുമോ ;

(ബി) സ്വയംഭരണാവകാശം നൽകുന്നതിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മികവു പുലർത്തുന്ന ആർട്സ് & സയൻസ്, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയെ യുജിസി യിൽ നിന്ന് അക്കാഡമിക് സ്വയംഭരണാവകാശം നേടുന്നതിന് പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകരുടെ അക്കാദമിക് സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളെ വസ്തുനിഷ്ഠമായും കാര്യക്ഷമമായും വിലയിരുത്താൻ അവസരം ഉണ്ടാക്കുക, യുജിസി യുടെ നിർദ്ദേശ പ്രകാരം മറ്റു സംസ്ഥാനങ്ങളിലുള്ള ഓട്ടോണമസ് കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളായി

മാറിയതുപോലെ അത്തരത്തിലുള്ള ഒരു സമീപനം സംസ്ഥാനത്തെ കോളേജുകളിലും ഉണ്ടാക്കുക. 11-ാം പഞ്ചവത്സര പദ്ധതി പ്രകാരം യൂജിസി നടപ്പിലാക്കിയ ഓട്ടോണമസ് കോളേജുകൾക്ക് നൽകുന്ന പ്രത്യേക ധനസഹായ പദ്ധതി പരിപൂർണ്ണമായും ഉപയോഗപ്പെടുത്തി കോളേജുകളുടെ പ്രവർത്തനം വിപുലപ്പെടുത്താനും അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാൻവിദ്യാഭ്യാസ മേഖലയെ സജ്ജമാക്കാനും സ്വയംഭരണം നൽകുന്നതിലൂടെ കഴിയുന്നതാണ്. ഓരോ കോളേജിനും അവരുടെ മികച്ച അക്കാദമിക ശേഷി പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകുകയാണ് സ്വയംഭരണാവകാശം നൽകുന്നതിലൂടെ സാധ്യമാകുന്നത്.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) സംസ്ഥാന തലത്തിൽ സ്വയംഭരണാവകാശത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ ഏഴംഗ സമിതി രൂപീകരിച്ചിട്ടുള്ളതാണ്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത സർക്കാർ, കോളേജുകളെയും എയ്ഡഡ് കോളേജുകളെയും ആണ് ഇതിനായി പരിഗണിക്കുന്നത്.

(ഡി) ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സ്വയംഭരണാവകാശം നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ഡി)
1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ച് വരുന്ന കോളേജായിരിക്കണം.
2. NAAC ന്റെ എ ഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.
3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.
4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.
5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.
6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള

സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതിവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.

7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.
8. ദുർബ്ബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.
9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.

10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ, തങ്ങളുടെ മാനേജ്മെന്റ്, അദ്ധ്യാപകർ, ഇതരജീവനക്കാർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.
11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യൂജിസി. നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ